**<u>ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ (ദന്തൽ ) നടപടിക്രമം</u>**

വിഷയം: ആ വ ഡ- ജീവനക്കാര്യം- ശ്രീ. സിനീഷ്.കെ.എം, ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II ശൂന്യവേതനാവധിക്കുശേഷം ജോലിയിൽ പുന പ്രവേശിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം :1. DMOH/97/2025-A7 കോഴിക്കോട് തീയതി : 09-04-2025

2. ഉത്തരവ് നം. EF4-6612/2020/DHS, തീയതി-13.03.2020

**<u>ഉത്തരവ് നമ്പർ ഇ എഫ്4-10237/2025/ആ വ ഡ തീയതി</u>**21-04-2025

കോഴിക്കോട് ജില്ലയിൽ ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II ആയിരുന്ന ശ്രീ. സിനീഷ്.കെ.എം, ന് വിദേശത്ത് ജോലി ചെയ്യുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടിയാന്റെ ശൂന്യവേതനാവധി 27.03.2025 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ ജോലിയിൽ പുനപ്രവേശിക്കുന്നതിന് സൂചന (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ടി സാഹചര്യത്തിൽ ശ്രീ. സിനീഷ്.കെ.എം, നെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ 10 ദിവസത്തിനകം ജോലിയിൽ പുന പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം യഥാസമയം ജില്ലാ മെഡിക്കൽ ഓഫീസർ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. നിശ്ചിത തീയതിക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**Signed by V R Vanaja**
**Date: 21-04-2025 15:57:07**

ഡോ. വനജ.വി.ആർ

ഡെപ്യൂട്ടി ഡയറക്ടർ (ദന്തൽ)

സ്വീകർത്താവ്

ശ്രീ.സിനീഷ്.കെ.എം,

ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II

പകർപ്പ്

1. ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്, വയനാട്
2. സൂപ്രണ്ട്, സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രി വയനാട്,
3. സൂപ്രണ്ട് താലൂക്ക് ആശുപത്രി, നാദാപുരം കോഴിക്കോട്
4. ഫയൽ കരുതൽ ഫയൽ